പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *122 — 21.03.2012 ൽ മറുപടിയ്ക്ക്

# സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ പ്രഖ്യാപിച്ച സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) 17.3.2012 ലെ ജി.ഒ.(എംഎസ്.) 55/2012/എ.ഡി. പ്രകാരം കേരളത്തിലെ കാർഷിക മേഖലയിൽ ഒരു സമഗ്ര കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി രൂപവൽക്കരിക്കുന്നതിനും, പ്രസ്തുത പദ്ധതി തയ്യാറാക്കുന്നതിന് ഒരു കേന്ദ്ര സർക്കാർ ഏജൻസിയെ ചുമതലപ്പെടുത്തുന്നതിന് കൃഷി ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളുമായി ഇക്കാര്യത്തിൽ ചർച്ച നടത്തുകയുണ്ടായി; ഓരോ കമ്പനിയും മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) 2011 ആഗസ്റ്റ് മാസം 26-ാം തീയതി അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണറുടെ ചേമ്പറിൽ വെച്ച് കേന്ദ്ര സർക്കാർ അംഗീകൃത കമ്പനികളും മറ്റ് കാർഷിക ഇൻഷ്വറൻസ് കമ്പനികളുമായി ഈ പദ്ധതിയെക്കുറിച്ച് ചർച്ച നടത്തുകയുണ്ടായി. ഓരോ കമ്പനികളും അവരുടെ നിലവിലുള്ള പദ്ധതികളെ സംബന്ധിച്ച നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്. |
| (സി) കർഷകർക്കായി - നിലവിലുള്ള ഏതെങ്കിലും പദ്ധതികളെ പുതിയ ഇൻഷ്വറൻസ് പദ്ധതിയുമായി സംയോജിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) കൃഷി വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, സമഗ്ര നെൽകൃഷി ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ സംയോജിപ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവന്ന് ഈ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | പുതിയ പദ്ധതിയിൽ കർഷകരുടെയും സർക്കാരിന്റെയും വിഹിതം എത്രയാണ്; | (ഡി) & (ഇ) | പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച റിപ്പോർട്ട് പൂർത്തിയായിട്ടില്ല. |
| (ഇ) | പദ്ധതി പ്രഖ്യാപിച്ച തീയതി മുതൽ മുൻകാല പ്രാബല്യം നൽകി നടപ്പാക്കുമോ? | | |

സെക്ഷൻ ഓഫീസർ